റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, നിലവിൽ കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭരണം 1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് നിർവഹിക്കുന്നത്. 1971-ലെ ഗുരുവായൂർ ദേവസ്വം ആക്ടിന് അനുസൃതമായിട്ടാണ് കൂടൽമാണിക്യം ക്ഷേത്രത്തിലെ വ്യവസ്ഥകൾ നിലനിൽക്കുന്നത്. ഗുരുവായൂർ ക്ഷേത്രത്തിലെ വ്യവസ്ഥകൾ ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ മാറ്റിക്കഴിഞ്ഞിട്ടുണ്ട്. ഹൈക്കോടതി ഇത് റദ്ദ് ചെയ്തതിന്റെ വെളിച്ചത്തിൽ 1978-ൽ പുതിയ ഗുരുവായൂർ ദേവസ്വം നിയമം നിലവിൽ വരികയും ചെയ്തു. 1971-ലെ ഗുരുവായൂർ ദേവസ്വം നിയമം റദ്ദു ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൂടൽമാണിക്യം ദേവസ്വം പ്രവർത്തനത്തിലെ നിയമസാധുത ചോദ്യം ചെയ്തുകൊണ്ട് ദേവസ്വം ക്ഷേമസമിതി ഫയൽ ചെയ്ത ഒ. പി. നമ്പർ 2182/86 ആയി ഒരു കേസ് ഹൈക്കോടതി മുൻപാകെ വന്നപ്പോൾ അന്ന് സംസ്ഥാന നിയമസഭ മുമ്പാകെ ഇത്തരം ഒരു ബിൽ സമർപ്പിച്ചിരിക്കുന്നതായിട്ടാണ് ഹൈക്കോടതിയെ ഗവൺമെന്റ് അറിയിച്ചിരിക്കുന്നത്. 1999-ലെ ബിൽ അവതരിപ്പിക്കാത്തതിനാൽ 2002-ൽ പബ്ലിഷ് ചെയ്യുകയുണ്ടായി. അത് ഹൈക്കോടതി മുമ്പാകെ വന്നപ്പോൾ ആറു മാസത്തിനകം പുതിയ നിയമ നിർമ്മാണം സർക്കാർ നടത്തേണ്ടതാണെന്ന് ഫുൾ ബഞ്ച് അഭിപ്രായപ്പെട്ടതായിട്ട് സീനിയർ ഗവൺമെന്റ് പ്ലീഡർ 2003-ൽ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ കൂടെ ഉത്തരവിന്റെ വെളിച്ചത്തിലാണ് ഈ നിയമം അടിയന്തിരമായി പാസ്സാക്കേണ്ടതിന്റെ പേരിൽ സഭയിൽ കൊണ്ടുവന്നിരിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*ശ്രീ. എം. വി. ജയരാജൻ:* ആ കേസിന്റെ നിലവിലുള്ള അവസ്ഥയെന്താണ്? ബില്ലിലെ ഉദ്ദേശ കാരണങ്ങൾ സംബന്ധിച്ച വിവരണത്തിൽ അത് വ്യക്തമല്ല. നിലവിൽ ആ കേസിന്റെ സ്ഥിതിയെന്താണെന്ന് വിശദീകരിക്കാമോ?

*ശ്രീ. കെ. സി. വേണുഗോപാൽ:* ബിൽ അവതരിപ്പിക്കണമെന്ന് ഗവൺമെന്റിനോട് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ കേസ് ക്ലോസ് ചെയ്തിട്ടുണ്ട്. ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിലാണ് നമ്മൾ ബിൽ പ്രൊപ്പോസ് ചെയ്യുന്നത്.

## VIII. റൂളിംഗ്

ഒരംഗം ആതറൈസ് ചെയ്യുന്ന മറ്റൊരംഗത്തിന് നിരാകരണപ്രമേയം അവതരിപ്പിക്കാമെന്നതു സംബന്ധിച്ച്.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 4

*മി. സ്പീക്കർ:* നിരാകരണ പ്രമേയത്തിന് ഭേദഗതി നൽകിയിട്ടുള്ളത് ശ്രീ. വി. കെ. സി. മമ്മത്കോയയാണ്. ശ്രീ. പി. ജയരാജനെ ആതറൈസ് ചെയ്തിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ആതറൈസേഷൻ അനുവദനീയമാണോ ഇല്ലയോ എന്ന പ്രശ്നം സഭ ചർച്ച ചെയ്യുകയുണ്ടായി. ഞാൻ അതിനെപ്പറ്റി ഒരു റൂളിംഗ് നൽകി. അതേസമയത്ത് ബഹുമാനപ്പെട്ട മെമ്പർമാരിൽ ചിലർ ഇവിടെ നേരത്തെ അവതരിപ്പിച്ച ചില പ്രിസീഡൻസ് ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഞാൻ അതിനെപ്പറ്റി വളരെ വിശദമായി പരിശോധിച്ചു. അപ്പോൾ ഭരണഘടനാപരമായ അനുച്ഛേദത്തിന്റെ കാര്യത്തിൽ ആതറൈസേഷൻ അനുവദനീയമല്ല എന്ന സ്റ്റാൻഡ് തന്നെയാണ് വ്യക്തിപരമായി എനിക്കുള്ളത്. അതേ സമയത്ത് എന്റെ മുൻഗാമികൾ അനുവദിച്ചതായിട്ട് കാണുന്നുമുണ്ട്. ഏതായാലും മെമ്പർമാരുടെ സംസാരിക്കാനുള്ള അവകാശവും കൂടുതൽ ഫലപ്രദമായി അവതരിപ്പിക്കാനുള്ള അവസരം കൊടുക്കുന്നതിനുള്ള ഒരു സാഹചര്യവും എന്ന നിലയ്ക്ക് നിയമത്തിന്റെ തലനാരിഴ നോക്കാതെ ഞാൻ ഒരു ലിബറൽ ആറ്റിറ്റ്യൂഡ് എടുക്കുകയാണ്. അതുകൊണ്ട് ശ്രീ. ജയരാജിന് സംസാരിക്കാം.

*ശ്രീ. എം. വി. ജയരാജൻ:* ഒരു കാര്യം പറയട്ടെ, അങ്ങയുടെ റൂളിംഗിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഒരു കാര്യം റസലൂഷനെക്കുറിച്ചാണ് എനിക്ക് അറിയേണ്ടത്. റസലൂഷന്റെ ഡെഫനിഷൻ എന്താണ്? നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ റസലൂഷൻ എന്നു പറയുന്നതിൽ disapproving resolution-ഉം പെടുമോ? നമ്മുടെ Rules of procedure- ൽ 118-ലും 122(2)-ലും പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനെപ്പറ്റി വ്യക്തമായി വ്യവസ്ഥയുണ്ട്. റസലൂഷൻ എന്നു പറയുന്നത് നമ്മുടെ കോൺസ്റ്റിറ്റ്യൂഷനിൽ പറയുന്നത് 213 (2) (a) "shall be laid before the Legislative Assembly of the State, or where there is a Legislative Council in the State, before both the Houses",...............എന്നുപറഞ്ഞിട്ട് "........... if before the expiration of that period a resoultion disapproving it is passed by the Legislative Assembly and agreed to by the Legislative Council", ......... അപ്പോൾ ഭരണഘടനയിൽത്തന്നെ disapproving resolution എന്നുള്ളത് പറയുകയാണ്. ഇതിന്റെ കൂടെ നമ്മൾ കൂട്ടി വായിക്കേണ്ട ഒരു കാര്യമായി എനിക്ക് തോന്നുന്നത് Practice & Procedure in Parliament എന്ന ഗ്രന്ഥത്തിൽ റസലൂഷനുകൾക്ക് പൊതുവായി ബാധകമായിട്ടുള്ള ഒരു കാര്യം പറയുന്നുണ്ട്. അതിന്റെ പേജ് നമ്പർ 908-ൽ ആതറൈസേഷനെപ്പറ്റി കൃത്യമായി പറയുന്നുണ്ട്. റസലൂഷനുകൾക്ക് ആതറൈസേഷൻ എങ്ങനെ ആകാം, പേജ് നമ്പർ 908. Authorization is, however, is permissible in the case of resolutions................. Resolutions-നെപ്പറ്റി പറയുമ്പോൾ disapproving resolutions ഉൾപ്പെടെ വരികയാണ്. ............. "and a member may, with the permission of the Speaker, authorize any other member in whose name the same resolution stands lower down in the list of Business to move it on his behalf" അപ്പോൾ റസലൂഷൻ എന്നുപറയുമ്പോൾ നിരാകരണപ്രമേയം ഉൾപ്പെടെയുള്ളത് ആതറൈസ് ചെയ്യാമെന്നുള്ളത് Practice & Procedure in Parliament-ൽ വിശദമായി ഡിഫൈൻ ചെയ്തിട്ടുള്ള പരിതസ്ഥിതിയിൽ, അങ്ങ് കൂടുതൽ ലിബറലായിട്ടുള്ള സ്റ്റാൻഡ് കൂടി എടുത്ത

LIBRARY ARCHIVES Kerala Legislative Assembly

പരിതസ്ഥിതിയിൽ ഞാൻ ഇന്നലെ പറഞ്ഞത് പ്രസക്തമാണ് എന്നുള്ളത് മാത്രമല്ല ഇവിടെ ഒരുപാട് കീഴ്‌വഴക്കമുണ്ട്. ദയവായി അങ്ങയോട് ഞാൻ ഒരു കാര്യം പറയട്ടെ ഇവിടെ കീഴ്‌വഴക്കമില്ലെന്ന് അങ്ങയെ ധരിപ്പിച്ച റിട്ടയർ ചെയ്ത ചിലർ ഇവിടെയുണ്ട്. അങ്ങനെയുള്ള ഉപദേശകൻമാരുടെ ഉപദേശം എടുക്കരുത്. കാരണം വ്യക്തമായിട്ടുതന്നെ അതാണ് ഞാൻ റിസർവ് ചെയ്ത് ഇന്നലെ പറഞ്ഞത്. ഇങ്ങനെയുണ്ടെങ്കിൽ എന്നെ അനുവദിക്കുമോ? ചെയറിന്റെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്തിട്ടില്ല.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *ശ്രീ കെ. സി. വേണുഗോപാൽ*: സർ, ചെയറിന്റെ സ്ഥാനത്തോടുള്ള ദുഃസൂചനയോടാണ് സംസാരിക്കുന്നത്.

*ശ്രീ. എം. വി. ജയരാജൻ*: ഒരു ദുഃസൂചനയുമില്ല. ഇന്നലെ ഞാൻ പറഞ്ഞത് .............. (ബഹളം) ..............

*മി. സ്പീക്കർ*: ശ്രീ. എം. വി. ജയരാജൻ സമയം ചെലവഴിക്കരുത്.

*ശ്രീ. എം. വി. ജയരാജൻ*: ഞാൻ അങ്ങ് പറഞ്ഞതു മുഴുവൻ അനുസരിച്ചിരുന്നു. ഇതിനുമുമ്പുള്ള കീഴ്‌വഴക്കങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞു, പക്ഷെ അതില്ലെന്ന് പറഞ്ഞതിനെക്കുറിച്ചാണ് അങ്ങ് ഒരു പരിശോധന നടത്തേണ്ടത്. എനിക്ക് കിട്ടിയ feed back അനുസരിച്ച് എന്നുകൂടി അങ്ങ് പറഞ്ഞു, ആ feed back തെറ്റായിരുന്നു. ആരാണ് ആ feed back നൽകിയതെന്ന് അങ്ങൊന്ന് പരിശോധിക്കണം.

*മി. സ്പീക്കർ*: ഇതിൽ യാതൊരു സംശയവും വേണ്ട, വ്യക്തമായിട്ടു പറഞ്ഞു, റസലൂഷനെ സംബന്ധിച്ച് നമ്മുടെ റൂളിൽത്തന്നെ ആതറൈസ് ചെയ്യാമെന്ന് വകുപ്പുണ്ട്. അപ്പോൾ റസലൂഷനെ സംബന്ധിച്ച് യാതൊരു കൺഫ്യൂഷനും ഇല്ല. മോഷനെ സംബന്ധിച്ചാണെങ്കിൽ ഭരണഘടനാപരമായ ഒരു വകുപ്പായതുകൊണ്ട് അതിൽ ക്ലിയറായിട്ട് ആതറൈസേഷൻ വകുപ്പില്ല. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ ഭരണഘടനാപരമായ കാര്യത്തിൽ ആതറൈസേഷന് പ്രത്യേക വകുപ്പ് ഇല്ലാത്തതുകൊണ്ട്—ഇപ്പോൾ അങ്ങുതന്നെ വായിച്ച ഭാഗം 'if there is' എന്നാണ് പറയുന്നത്—പ്രൊവിഷൻ ഇല്ലാത്ത നിലയ്ക്ക് ആതറൈസേഷൻ അനുവദനീയമല്ല എന്ന ഇന്നലത്തെ എന്റെ റൂളിംഗ് ശരിയാണ്. ഇത് നിയമപ്രകാരം എന്നാണ് എന്റെ വിശ്വാസം. പക്ഷെ എന്റെ മുൻഗാമികളിൽ ചിലർ അത് ചെയ്തിട്ടുണ്ട്. പിന്നെ ഞാൻ അതിനെപ്പറ്റി വിശദമായി ആലോചിച്ചപ്പോൾ കുറേക്കൂടി ഇഫക്ടീവായി അവതരിപ്പിക്കാൻ കഴിയുന്ന ആളുകൾക്ക് അതിനുള്ള അവസരം നിഷേധിക്കുന്നത് ശരിയല്ല എന്നതുകൊണ്ട് എന്റെ മുൻഗാമികൾ എടുത്ത ആ തീരുമാനത്തെ ഇന്റർഫിയർ ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പിന്നെയെനിക്ക് തന്ന feed back സംബന്ധിച്ച് സ്വാഭാവികമായി നമുക്ക് അറിയാം. എല്ലാം ഒരാൾ അറിഞ്ഞുകൊള്ളണമെന്നില്ല. അത് മിസ്‌ലീഡ് ചെയ്യാൻ ചെയ്തതാണെന്നും ഞാൻ വിശ്വസിക്കുന്നില്ല.

GPM. 2/360/2012.—28

LIBRARY ARCHIVES Kerala Legislative Assembly

അതിനെക്കുറിച്ച് ഗവേഷണം നടത്തുന്ന ബഹുമാനപ്പെട്ട മെമ്പർ അതെന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഞാൻ പുനർചിന്തനം ചെയ്യാമെന്നുപറഞ്ഞത് തുറന്ന മനസ്സോടുകൂടിയാണ്. ഇപ്പോൾ അതിനെപ്പറ്റി കൂടുതൽ ചർച്ച വേണ്ട.

## നിയമനിർമ്മാണകാര്യം (തുടർച്ച)

*ശ്രീ. പി. ജയരാജൻ:* സർ, 2002-ലെ കൂടൽമാണിക്യം ദേവസ്വം ബിൽ 31-7-2005 വരെ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കിയതുപോലെ 1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്ടിലെ വ്യവസ്ഥകൾ സാരാംശത്തിൽ 1971-ലെ ഗുരുവായൂർ ദേവസ്വം ആക്ടിലെ വ്യവസ്ഥകൾ പോലെയാണെന്ന കാരണത്താൽ പ്രസ്തുത ആക്ടും അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങളും അധികാരസീമയെ ലംഘിക്കുന്നതിനാൽ അസാധുവും നിയമവിരുദ്ധവുമായി പ്രഖ്യാപിക്കണമെന്നും മുഴുവനുമായോ ഭാഗികമായോ തള്ളിക്കളയണമെന്നും അപേക്ഷിച്ചുകൊണ്ട് കേരള ഹൈക്കോടതി മുമ്പാകെ ഒരു ഒറിജിനൽ പെറ്റീഷൻ ഫയൽ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് 1971-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിനുണ്ടായിരിക്കുന്ന അവസ്ഥതന്നെ ഈ കൂടൽമാണിക്യം നിയമത്തിനും വരുമെന്ന് മുൻകൂട്ടി കാണുന്നതിനാൽ അഡ്വക്കേറ്റ് ജനറൽതന്നെ 1971-ലെ ഗുരുവായൂർ നിയമത്തിന് മാറ്റം വരുത്തി 1978-ൽ പുതിയ നിയമം ഉണ്ടാക്കിയതുപോലെ 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തെപ്പോലെ ഒരു നിയമം കൂടൽമാണിക്യം ക്ഷേത്രത്തിന്റെ കാര്യത്തിലും ഉണ്ടാക്കണമെന്ന് ഗവൺമെന്റിനെ ഉപദേശിച്ചു. പക്ഷേ, ഈ നിയമത്തിന്റെ ഉൾവശം നമ്മൾ കുറച്ചുകൂടി ഗൗരവത്തിൽ പരിശോധിക്കേണ്ടതാണ്. ഇവിടെ 1978-ലെ ഗുരുവായൂർ ദേവസ്വം നിയമം മാത്രമല്ല, അതിനുപരിയായി ചിലരെ തൃപ്തിപ്പെടുത്താനുള്ള നീക്കം ഇതിനകത്തുണ്ടെന്ന് ഞാൻ സംശയിക്കുന്നു. 1971-ലെ ഗുരുവായൂർ ദേവസ്വം നിയമം ഭരണഘടനയുടെ 25, 26 ആർട്ടിക്കിളുകൾ അതിലംഘിക്കുന്നു എന്ന കാരണത്താൽ ചില വ്യവസ്ഥകൾ റദ്ദാക്കുകയുണ്ടായി. അത് റദ്ദാക്കിയത് വളരെ സ്പെസിഫിക്കായ ചില കാരണങ്ങളാലായിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയാണ് അന്ന് വന്നത്. 1971-ലെ ആക്ടനുസരിച്ച് നിലവിലുള്ള നിയമത്തിന് എതിരായി ഒരു സ്യൂട്ട്, ഫയൽ ചെയ്യാൻ അവസരം ഇല്ലായിരുന്നു. ഗുരുവായൂർ ദേവസ്വത്തിൽ എങ്ങനെയാണ് സർക്കാരിന് നിയന്ത്രണം ഉണ്ടാകുന്ന അവസ്ഥയിലേക്ക് എത്തിയത് എന്ന ചരിത്രം ഞാൻ വിശദീകരിക്കുന്നില്ല. അത് എല്ലാവർക്കും അറിയാവുന്നതാണ്. മദ്രാസ് നിയമവും പിന്നീടുള്ള കോടതി വിധികളുമുണ്ട്. അതിനെയെല്ലാം അടിസ്ഥാനപ്പെടുത്തി 1971-ൽ ഗുരുവായൂർ ദേവസ്വം നിയമം കൊണ്ടുവന്നപ്പോൾ ഗുരുവായൂരിലെ ഡിനോമിനേഷൻസിനുള്ള അവകാശങ്ങൾ ഇല്ലാതാക്കിക്കൊണ്ടുള്ള നിലപാടാണ് സ്വീകരിച്ചത്. മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് അനുസരിച്ച് കേസ് ഫയൽ ചെയ്യാനുള്ള അധികാരം ഉണ്ടായിരുന്നെങ്കിൽ ഈ ഗുരുവായൂർ ദേവസ്വം നിയമത്തിൽ അതിനുള്ള അവകാശം നിഷേധിക്കപ്പെടുകയായിരുന്നു. നിലവിലുള്ള നിയമത്തിനെതിരെ എന്തെങ്കിലും സ്യൂട്ട് ഫയൽ ചെയ്യാനുള്ള അവസരം ഇല്ലാത്തതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly